<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 667**</u> <u>**30-01-2024 - ൽ മറുപടിയ്ക്ക്**</u>

<u>**വ്യവസായ ഇന്റേണുകൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ പുരോഗതി ഉണ്ടാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ നിയമിച്ച വ്യവസായ ഇന്റേണുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവർ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ നല്കുന്നതിനായും എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നിയമിച്ച ഇന്റേണുകളുടെ ( Enterprises Development Executives) പ്രവർത്തനങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറുടെ തലത്തിൽ വിലയിരുത്താറുണ്ട്. |
| (ബി) | എത്ര വർഷത്തേക്കാണ് അവർക്ക് നിയമനം നൽകിയിട്ടുള്ളത്; അവരുടെ നിയമനം മൂലം ഈ കാലയളവിൽ വ്യവസായ മേഖലയിൽ ഉണ്ടായ മാറ്റം വ്യക്തമാക്കാമോ; | (ബി) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായ 2022-2023 സാമ്പത്തിക വർഷത്തിൽ ഒര വർഷ കരാർ വ്യവസ്ഥയിലാണ ഇന്റേണുകളെ നിയമിച്ചിരുന്നത്. 2022-2 സംരംഭകവർഷത്തിന്റെ വിജയ കണക്കിലെടുത്ത് പ്രസ്തുത പദ്ധതിയുട ഭാഗമായി നടത്തിയിരുന്ന പദ്ധതികളെല്ലാ 2023-24 സാമ്പത്തിക വർഷവു 'സംരംഭകവർഷം 2.0' എന്ന പേരിൽ തുടരാൻ സർക്കാർ തീരുമാനിച്ചതിന്റെ ഭാഗമായ 2023-24 സാമ്പത്തിക വർഷം പ്രസ്തുത ഇന്റേണുകളുടെ കരാർ നിയമനം 2024 മാർച്ച 31 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.<br><br>2022-23 സംരംഭകവർഷം പദ്ധതിയുട ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ 1,39,84 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുകയു അതുവഴി 8422 കോടി രൂപയുടെ നിക്ഷേപവും 3,00,051 പുതിയ തൊഴിലവസരങ്ങളും സംരംഭകവർഷം 2.0-ന്റെ ഭാഗമായി 2023 ഏപ്രിൽ 1 മുതൽ 2024 ജനുവരി 23 വരെ 76,595 പുതിയ സംരംഭങ്ങൾ രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്യുകയും അതുവഴി 5177 കോടി രൂപയുടെ നിക്ഷേപവും, 1,60,582 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിച്ചു. |
| (സി) | പ്രതിമാസം അവർക്ക് ഓണറേറിയമായി എത്ര തുകയാണ് നൽകുന്നത്; പ്രസ്തുത തുക എവിടെ നിന്നാണ് കണ്ടെത്തുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | 22000/-(ഇരുപത്തി രണ്ടായിരം രൂപാ മാത്രം) പ്രതിമാസ വേതനത്തിലാണ് കരാർ അടിസ്ഥാനത്തിൽ ഇവരെ നിയമിച്ചിട്ടുള്ളത്. 2023-2024 സാമ്പത്തിക വർഷത്തിൽ 2851-00-102-98(P) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രതിമാസ വേതനം നൽകുന്നത് |

സെക്ഷൻ ഓഫീസർ